മാധ്യമം 2001- Feb. 15

# കാലത്തിനുമുന്നേ നടന്ന കാദർകുട്ടി സാഹിബ്

സി.ടി. ബഷീർ

വൃക്ഷങ്ങളുടെ നടുവിൽ ജീവിച്ച ഒരു ഗ്രാമീണൻ രാഷ്ട്രത്തിന്റെ ഭാഗധേയങ്ങളിൽ പങ്കുവഹിച്ച ചരിത്രമാണ് കാദർകുട്ടി സാഹിബിന്റേത്. ഉന്നത വിദ്യാഭ്യാസം നേടി കർമകുശലതയും ബുദ്ധിയും സ്ഥിരോൽസാഹവും കൊണ്ട് കെട്ടിപ്പടുത്ത വ്യവസായ ശൃംഖലയുടെ തലപ്പത്തായിരുന്നു അദ്ദേഹം ചെന്നെത്തിയത്. വൈകിയുറങ്ങി, അതികാലത്തെഴുന്നേറ്റ് തുടങ്ങുന്ന അദ്ദേഹത്തിന്റെ ദിവസങ്ങളെ കീഴ്പ്പെടുത്താൻ ചില്ലറ അസുഖങ്ങൾക്ക് കഴിയാറില്ല. പ്രവർത്തനനിരതമാവുമ്പോൾ വിശപ്പിനും ദാഹത്തിനും അവിടെ സ്ഥാനമില്ല. അതിസൂക്ഷ്മമായ അംശങ്ങളിൽ കടന്നുചെല്ലുന്ന അദ്ദേഹത്തിന്റെ കണ്ണിനെ വെട്ടിജയിക്കാൻ ആർക്കുമായിരുന്നില്ല. സൗന്ദര്യബോധവും കലാചാതുരിയും അദ്ദേഹത്തിന്റെ ജീവിതത്തോട് ഒട്ടിപ്പിടിച്ചിരുന്നു. ശുചിത്വം അദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നു.

ഞങ്ങളുടെ പ്രിയപ്പെട്ട മാനേജിംഗ് ഡയറക്ടറുടെ വാതിൽക്കൽ കാവൽക്കാരില്ല. ആത്മാർഥമായി ജോലിചെയ്യുന്ന ഒരു തൊഴിലാളി അദ്ദേഹത്തിന്റെ ജീവനാണ്. ജോലിയിൽ പിടിപ്പുകേട് കാണിക്കുന്ന മാനേജർമാർക്ക് അദ്ദേഹം പേടിസ്വപ്നമാണ്. കാദർകുട്ടി മുതലാളിയായിരിക്കും വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സിലെ ഏറ്റവും വലിയ തൊഴിലാളി. ഒരു പുതിയ യന്ത്രം സ്ഥാപിക്കുമ്പോൾ അദ്ദേഹം ദിവസം മുഴുവൻ അതിനു മുന്നിൽ തപസ്സിരിക്കും. ജോലിയോടുള്ള ഈ തപസ്യയാണ് അദ്ദേഹത്തിന്റെ മഹത്വം. വയ്യാതായിട്ടുവരെ അദ്ദേഹം ഫാക്ടറിയിലേക്ക് കയറിവന്നു. അദ്ദേഹത്തിനു ജാടകളില്ല. കേരളത്തിൽ എവിടെ സഞ്ചരിക്കുമ്പോഴും വെളുത്ത മുണ്ടും വെളുത്ത ഷർട്ടുമാണ് ധരിക്കുക. അതിൽ കളങ്കം ലേശമുണ്ടാവുകയില്ല. അതിഥിസൽക്കാര പ്രിയനായ അദ്ദേഹത്തിന് ലോകമെമ്പാടും സുഹൃത്തുക്കളുണ്ട്. സമ്പന്നതയുടെ നടുവിലുള്ള വിനയത്തിന്റെ തിളങ്ങുന്ന വ്യക്തിത്വമാണദ്ദേഹം.

കാദർകുട്ടി സാഹിബിന്റെ സ്നേഹസ്പർശമേറ്റ് വളർന്നു വലുതായവർ അനേകമാണ്. അദ്ദേഹത്തിന്റെ പ്രേരണയോടും പ്രോൽസാഹനത്തോടും ഉയർന്നുവന്ന വ്യവസായങ്ങൾ നിരവധിയാണ്. ജന്മസിദ്ധമായ വല്ല കഴിവും ഉണ്ടെങ്കിൽ അതിനെ വികസിപ്പിച്ച് പൂർണതയിലെത്തിക്കാൻ കുറച്ചുകാലം കാദർകുട്ടി സാഹിബിന്റെ കീഴിൽ ജോ



രാഷ്ട്രപതിയായിരുന്ന വി.വി. ഗിരിയോടൊപ്പം വേദി പങ്കിട്ടപ്പോൾ. ഇടത്തുനിന്ന് ആദ്യം എ.കെ. കാദർകുട്ടി

ലിനോക്കിയാൽ മതി.

മലബാറിൽ ആരംഭിച്ച ടെക്സ്റ്റയിൽസ്, ഹോസിയറി, സ്റ്റീൽ വ്യവസായങ്ങളിൽ പലതിലും അദ്ദേഹത്തിന്റെ സജീവ സാന്നിധ്യമുണ്ട്. നിലമ്പൂരിലെ കേരള വുഡ് 'ഇൻഡസ്ട്രീസിന്റെ ഗവ. പ്രതിനിധിയായിരുന്നു അദ്ദേഹം. ഇന്ത്യൻ പ്ലൈവുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക മെമ്പർമാരിൽ ഒരാൾ. സൗത്ത് ഇന്ത്യൻ പ്ലൈവുഡ്സ് മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ്, കേരള ഫോറസ്റ്റ് ഇൻഡസ്ട്രീസിന്റെ ഡയറക്ടർ, മൈസൂരിലെ രാമൻബോധിൽ ഡയറക്ടർ, കെൽട്രോൺ ക്രിസ്റ്റൽ ലിമിറ്റഡ് ഡയറക്ടർ, ചെന്നൈയിലെ കുട്ടിഫ്ലസ് ഡോർസ് ഡയറക്ടർ, കാലിക്കറ്റ് റീജ്യനൽ എഞ്ചിനീയറിംഗ് കോളേജ് ഗവേണിംഗ് ബോർഡ് മെമ്പർ, സൂറത്ത്കൽ റീജ്യനൽ എഞ്ചിനീയറിംഗ് കോളേജ് മെമ്പർ, നെടുങ്ങാടി ബാങ്ക് ഡയറക്ടർ തുടങ്ങി ഒട്ടേറെ രംഗങ്ങളിൽ കാദർകുട്ടി സാഹിബ് പ്രവർത്തിച്ചു. അനേകം അംഗീകാരങ്ങളും വന്നു. അതിൽ പ്രധാനമായതാണ് ഹൈദരാബാദിലെ നാഷനൽ അസോസിയേഷൻ ഓഫ് റേഡിയോ എൻസോടോപ്പ് (NAARI). മേന്മ കുറഞ്ഞ മരങ്ങളെ 'ഗാമാകിരണങ്ങൾ' ഉപയോഗിച്ച് മേൻമയേറിയതാക്കിത്തീർക്കുന്ന വിദ്യ കണ്ടുപിടിച്ചതിന് അദ്ദേഹത്തിന് നൽകിയതാണ് 'വുഡ് വർക്കിംഗ് പയനീർ' സ്ഥാനം.

1937ൽ മദിരാശി ലജിസ്ലേറ്റിവ് അസംബ്ലിയിൽ അദ്ദേഹം രാജാജിയോടൊപ്പവും സഞ്ജീവറെഡ്ഡിയോടൊപ്പവും അംഗമായിരുന്നിട്ടുണ്ട്. പിൽക്കാലത്ത് രാഷ്ട്രീയം വിട്ട് എല്ലാ രാഷ്ട്രീയ നേതാക്കന്മാരുടെയും സുഹൃത്തായി. നാടിന്റെ നന്മ ലാക്കാക്കിയുള്ള എല്ലാ പ്രവർത്തനങ്ങളിലും അദ്ദേഹം പങ്കുചേർന്നു. സ്വന്തം മതവിശ്വാസം മുറുകെ പിടിച്ചുകൊണ്ടുതന്നെ എല്ലാ ജാതിക്കാരുമായും മതക്കാരുമായും ചേർന്ന് മാനുഷികബന്ധം ഉയർത്തിപ്പിടിച്ചു.

ലീഗ് പിളർന്നപ്പോഴും മറ്റനേകം വ്യാവസായികവും വ്യക്തിപരവുമായ തർക്കങ്ങളിലും രഞ്ജിപ്പിനു വേണ്ടി കാദർകുട്ടി സാഹിബ് മുൻകൈയെടുത്തിരുന്നു. അദ്ദേഹത്തിന്റെ വ്യവസായങ്ങളിൽ എതിരാളികളായവരെപ്പോലും മാർക്കറ്റിംഗിൽ അകമഴിഞ്ഞ് സഹായിച്ചത് പലപ്പോഴും ഞങ്ങളെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. അർഹിക്കുന്നത് നിലനിൽക്കുമെന്നതായിരുന്നു അപ്പോഴെല്ലാം അദ്ദേഹത്തിന്റെ വിശ്വാസപ്രമാണം.

കാദർകുട്ടി സാഹിബിന്റെ ദീർഘദൃഷ്ടിയുടെ നിദർശനങ്ങളായ അനേകം വ്യവസായസംരംഭങ്ങളുണ്ട്. 1958ൽ അദ്ദേഹം സ്ഥാപിച്ച ഹാർഡ് ബോഡ് ഫാക്ടറി 1980ൽ വികസിപ്പിച്ചു. 1988ൽ പ്രീഫിനിഷ്ഡ് ഹാർഡ്ബോഡ് ഫാക്ടറി സ്ഥാപിച്ചു. ജർമൻ ടെക്നോളജി ഉപയോഗിച്ച് ഒരുതരത്തിലുള്ള പരിസ്ഥിതി മലിനീകരണവും സംഭവിക്കാത്ത ഉൽപാദനമാണ് ഇവിടെ നടക്കുന്നത്. മരത്തിന്റെ നൂറുശതമാനം പ്രയോജനം സഫലീകരിക്കുന്ന ടെക്നിക്കുകളും ഉൽപന്നങ്ങളുമാണ് അദ്ദേഹത്തിന്റെ കീഴിലുള്ള റിസർച്ച് ആൻറ് ഡവലപ്മെന്റ് സെക്ഷൻ കാഴ്ചവെച്ചിട്ടുള്ളത്. ഡിലൈൽ പാത്തലേറ്റ് (DAP) എന്ന രാസവസ്തു സംയോജനവും, ഷീറ്റ് മൗൾഡിംഗ് കോംപൗണ്ടും (SMC) ഇതിൽ പെടുന്നു.

കാദർകുട്ടിയെ ഗുണമേൻമയുടെ പര്യായമായി വിശേഷിപ്പിക്കാം. തുച്ഛമായി വിൽക്കപ്പെടുന്ന ഒന്നും അദ്ദേഹത്തിന്റെ പ്രതിഭയിലും കരങ്ങളിലും ഇല്ല. പൂർണായുസ്സുകൊണ്ട് ധന്യമായ ഉത്കൃഷ്ടജീവിതത്തിന്റെ വർണപ്പൊലിമ നിറഞ്ഞ ഒരു യുഗാന്ത്യം-അതാണ് ഈ തിരോധാനം.

(ലേഖകൻ വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സിൽ സെയിൽസ് മാനേജരാണ്)